പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2002 26-10-2026-ൽ മറുപടിയ്ക്ക്

കണ്ണൂർ ജില്ലാ ആശുപത്രി വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി .ഒ. മോഹനൻ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം നിർമ്മിച്ചുവെങ്കിലും ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാത്തത് ആയതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നത് ഘട്ടം ഘട്ടമായിട്ടാണ്. ആയതിന്റെ ഭാഗമായി 23.1 2.2025 തീയതിയിലെ സ.ഉ(കൈ) നം.436/2025/ആ.കു.വ പ്രകാരം കൺസൾട്ടന്റ് (കാർഡിയോളജി)-2, കൺസൾട്ടന്റ് (ന്യൂറോളജി)-1, കൺസൾട്ടന്റ് (നെഫ്രോളജി)-1, ജൂനിയർ കൺസൾട്ടന്റ് (അനസ്ത ഷ്യ)-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടു ണ്ട്. നിലവിലുള്ള ജീവനക്കാർക്ക് പുറമേ, കേന്ദ്ര സർക്കാരിന്റെ ROP-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച തസ്തികകളിൽ എൻ.എച്ച്.എം മുഖേന കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ അധിക ജീവ നക്കാരെ നിയമിക്കാറുണ്ട്.

24*7സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രതീക്ഷാ സെന്ററുകളായി ആരോഗ്യ സ്ഥാപനങ്ങളെ ഉയർത്തുന്നതിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടികയിൽ കണ്ണൂർ ജില്ലാ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇവിടങ്ങളി ൽ 24*7സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യമായ ജീവനക്കാരുടെയും കൂടാതെ കാഷ്വാലിറ്റി വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരു ടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നുണ്ട്

(ബി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രോമ കെയർ സംവിധാനം സജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ